(സി) ആവശ്യമായ സാധനസാമഗ്രികൾ ഇല്ലാത്തതുമൂലം ഈ സ്കീമുകൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ സ്കീമുകൾ നടപ്പിലാക്കുവാൻ ആവശ്യമായ സാധനസാമഗ്രികൾ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിലുള്ള ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, തെങ്ങണ, കുറിച്ചി എന്നീ സെക്ഷനുകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ബി) സാധന സാമഗ്രികളുടെ ലഭ്യത അനുസരിച്ച് മുൻഗണനാക്രമത്തിൽ പൂർത്തിയാക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

പുതിയ കണക്ഷൻ കൊടുക്കാൻ നടപടി

94 (1246) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ പുതിയ വൈദ്യുതി കണക്ഷൻ നൽകുവാനായി ലൈൻ വലിക്കുവാൻ സ്റ്റോറിൽ കമ്പിയും മീറ്ററുമില്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവിടേക്ക് മീറ്ററും കമ്പിയുമെത്തിക്കാൻ അടിയന്തിര നടപടി എടുക്കുമോ ?

ഉത്തരം

(എ&ബി) ടാർജറ്റ് പ്രകാരമുള്ള കണക്ഷൻ നൽകുന്നതിനാവശ്യമായ സാധന സാമഗ്രികൾ എത്തിച്ചു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പരസ്യ ചെലവ്

95 (1247) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള കല്ലിടൽ, കമ്മീഷൻ ചെയ്യൽ എന്നീ പരിപാടികൾക്ക് ചെലവായ പരസ്യചെലവിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ?

---

† അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെ സംബന്ധിച്ചുള്ള പരസ്യച്ചെലവ്

1996-97	-	45,39,369 രൂപ
1997-98	-	1,31,79,496 രൂപ
1998-99	-	1,34,98,363 രൂപ
1999-2000	-	1,90,24,040 രൂപ
2000-2001 (31-1-2001 വരെ)		1,08,03,005 രൂപ

തീരദേശ ജ്യോതി പദ്ധതി

96 (1248) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലും മറ്റു പഞ്ചായത്തുകളിലുമായി എത്ര പേർക്ക് തീരദേശ ജ്യോതി പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) 1996 മുതൽ 2001 ജനുവരി വരെ പ്രസ്തുത മണ്ഡലത്തിൽ എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 114 പേർക്ക്.

(ബി) 44 എണ്ണം.

കിളിമാനൂർ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

97 (1249) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ മിക്ക ഹരിജൻ കോളനികളിലും ഗ്രാമപ്രദേശങ്ങളിലും പകൽ സമയത്ത് പോലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) ഈ മേഖലയിൽ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനുള്ള ശ്രമം ഊർജ്ജിതപ്പെടുത്താമോ ?

ഉത്തരം

(എ) കിളിമാനൂർ മണ്ഡലത്തിൽ ഇങ്ങനെ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly